വിജയഗാഥ രചിക്കാൻ ലേക്‌ഷോർ

ആരോഗ്യരക്ഷാ രംഗത്ത് പുതിയൊരു അധ്യായം കുറിക്കാനൊരുങ്ങുകയാണ് വിപിഎസ് ലേക്ഷോർ ആശുപത്രി. പുതിയ സംവിധാനങ്ങളെക്കുറിച്ചും സൗകര്യങ്ങളെക്കുറിച്ചുമെല്ലാം വിശദമാക്കുകയാണ് ആശുപത്രി സിഇഒ.

അഡ്വ. എസ്.കെ. അബ്ദുള്ള
സിഇഒ, വിപിഎസ്
ലേക്ഷോർ ആശുപത്രി

കേരളത്തിലെ പ്രമുഖ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രിയായ ലേക്ഷോർ ആരോഗ്യരംഗത്ത് വലിയൊരു കുതിച്ചുചാട്ടത്തിനുള്ള ഒരുക്കത്തിലാണ്. വിപുലമായ സൗകര്യങ്ങളോടെ ആരോഗ്യമേഖലയിൽ പുതിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാനൊരുങ്ങുന്നതിനെക്കുറിച്ചും മറ്റും കൊച്ചിയിലെ വിപിഎസ് ലേക്ഷോർ ആശുപത്രി സിഇഒ അഡ്വ. എസ്.കെ. അബ്ദുള്ള സംസാരിക്കുകയാണ്.

ലേക്ഷോർ ഹോസ്പിറ്റൽ വിപിഎസ് ഹെൽത്ത്കെയർ ഏറ്റെടുത്തതിന് ശേഷം ആശുപത്രിയിലുണ്ടായിട്ടുള്ള വികസനങ്ങൾ എന്തൊക്കെയാണ്?

അബുദാബി ആസ്ഥാനമായ വിപിഎസ് ഹെൽത്ത്കെയറിന്റെ ഇന്ത്യയിലെ പ്രവർത്തനങ്ങൾക്ക് തുടക്കമിടുന്നതിന്റെ ഭാഗമായാണ് കൊച്ചിയിലെ ലേക്ഷോർ ഹോസ്പിറ്റൽ ഏറ്റെടുക്കാൻ വിപിഎസ് ഹെൽത്ത്കെയർ തീരുമാനിച്ചത്. നിലവിൽ 350 കിടക്കകളും 30ലേറെ സ്പെഷ്യാലിറ്റി വിഭാഗങ്ങളും മറ്റ് അനുബന്ധ സേവനങ്ങളുമുള്ള വിപിഎസ് ലേക്ഷോർ ഹോസ്പിറ്റൽ ഇപ്പോൾ തന്നെ ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലൊന്നാണ്. അത്യാധുനിക സൗകര്യങ്ങളുള്ള ആശുപത്രിക്ക് ചികിത്സാരംഗത്ത് നിരവധി വിജയഗാഥകൾ അവകാശപ്പെടാനുണ്ട്. ഈ ഏറ്റെടുക്കലിലൂടെ വിപിഎസ് ലേക്ഷോർ ആതുരശുശ്രൂഷാ രംഗത്തെ ആഗോള ഗ്രൂപ്പിന്റെ ഭാഗമായിരിക്കുകയാണ്. ഇത് കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം കാര്യക്ഷമതയിൽ മുന്നിട്ട് നിൽക്കാനും അതിലൂടെ ഈ പ്രശസ്തമായ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് കരുത്തേകാനും ഉപകരിക്കും. ഇതിന്റെ തുടക്കമെന്നോണം 2 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള പുതിയ ബ്ലോക്ക് ഉദ്ഘാടനത്തിന് തയാറായി കഴിഞ്ഞിട്ടുണ്ട്. ഉടൻ തന്നെ ഇത് ഉദ്ഘാടനം ചെയ്യും. ഈ ബ്ലോക്കിൽ ക്യാൻസർ, ഹൃദ്രോഗം, ഗ്യാസ്ട്രോ അനുബന്ധ രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള മുന്തിയതും ഫലപ്രദവുമായ ചികിത്സാ സൗകര്യങ്ങളാണ് ലഭ്യമാക്കുക. കൂടാതെ റേഡിയോതെറാപ്പി, പിഇടി സ്കാൻ, ന്യൂക്ലിയർ സ്കാൻ, ഗാമാ നൈഫ് തുടങ്ങിയ വിവിധ സേവനങ്ങളും ഇവിടെ ലഭ്യമാക്കും. ഹൃദയമിടിപ്പിലെ വ്യതിയാനം നേരത്തെ കണ്ടെത്താനും അതിന് ഫലപ്രദമായ ചികിത്സ നൽകാനും സഹായകമായ ഐസിഡി, സിആർടി ഉപകരണങ്ങളോടെയുള്ള പുതിയ കാർഡിയാക് ഇലക്ട്രോ ഫിസിയോളജി ലാബും പുതിയ ബ്ലോക്കിലിടം പിടിക്കും.

രോഗപ്രതിരോധ രംഗത്ത് എന്തൊക്കെ പ്രവർത്തനങ്ങളാണ് വിപിഎസ് ലേക്ഷോർ ആശുപത്രി ചെയ്യുന്നത്?

ആരോഗ്യരക്ഷാ രംഗത്ത് രോഗിയുമായുള്ള ഓരോ ഇടപെടലും ഇക്കാലത്ത് നിർണായകമാണ്. തുടർച്ചയായ നവീകരണവും മികച്ച പരിചരണവും ഇക്കാര്യത്തിൽ പ്രധാനമാണ്. വിജ്ഞാനം, നൈപുണ്യം, അനുഭവ സമ്പത്ത് എന്നിവ ഒത്തിണങ്ങുന്ന മെഡിക്കൽ ടീമിനോടൊപ്പം അത്യാധുനിക സൗകര്യങ്ങളോടെ ഈ രംഗത്ത് മുൻനിരയിൽ നിൽക്കാൻ ശ്രമിക്കുന്നതോടൊപ്പം രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും വിപിഎസ് ലേക്ഷോർ മുൻഗണന നൽകുന്നുണ്ട്. രോഗവിമുക്ത മരട് എന്ന മരട് മുനിസിപ്പാലിറ്റിയുടെ മുദ്രാവാക്യം സാധ്യമാക്കാൻ മുനിസിപ്പാലിറ്റിയുമായി ചേർന്ന് നിരവധി പദ്ധതികൾക്ക് ഞങ്ങൾ തുടക്കമിട്ടിട്ടുണ്ട്. നിരവധി സൗജന്യ രോഗപരിശോധനാ ക്യാംപുകൾ സംഘടിപ്പിക്കുകയും രോഗം വരുന്നതിന് മുൻപ് അതിനെ പ്രതിരോധിക്കാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചുള്ള ബോധവൽകരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

ഇതുകൂടാതെ സാമൂഹ്യസുരക്ഷാ രംഗത്തും വിപിഎസ് ലേക്ഷോർ തങ്ങളാൽ കഴിയുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഇതിന്റെ ഭാഗമായി സ്ത്രീ ശാക്തീകരണം, സുരക്ഷ, ആരോഗ്യ സംരക്ഷണം, പുനരധിവാസം എന്നിവ ലക്ഷ്യമിട്ട് മരട് നഗരസഭയുമായി ചേർന്ന് ആശുപത്രി -സ്ത്രീ (Social Transformation through Responsiveness Equity and Empowerment) എന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. സാമൂഹ്യ ഇടപെടലിലൂടെ സ്ത്രീകളും കുട്ടികളും നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നോട്ടീസുകളിലൂടെയുള്ള ബോധവത്ക്കരണം, അതിക്രമങ്ങൾ നടക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ, വീടുകൾ, ഇരകൾ എന്നിവ തിരിച്ചറിഞ്ഞ് അത്തരം വീടുകളും സ്ഥലങ്ങളും സന്ദർശിച്ച് പരിഹാരമാർഗം കണ്ടെത്തുകയും തൊഴിൽരഹിതരായ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുകയും അടിയന്തരഘട്ടങ്ങളിൽ സഹായം തേടുന്നതിന് മൊബൈൽ ആപ്പ് സഹായം തുടങ്ങിയവയാണ് പദ്ധതിയുടെ സവിശേഷതകൾ.

വിപിഎസ് ഹെൽത്ത്കെയർ ഏറ്റെടുത്തതിന് ശേഷം ആശുപത്രി കൈവരിച്ച നേട്ടങ്ങളെന്തൊക്കെയാണ്?

മികച്ച സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമുള്ള ആശുപത്രിയാണ് വിപിഎസ് ലേക്ഷോർ. അതുകൂടാതെ അത്യാധുനിക രോഗനിർണയ, ചികിത്സാ ഉപകരണങ്ങളെല്ലാം ഇവിടെ ലഭ്യമാണ്. ഈയടുത്ത കാലത്ത് നിരവധി അപൂർവ ശസ്ത്രക്രിയകളും ചികിത്സകളും വിജയകരമായി ഇവിടെ നടന്നിട്ടുണ്ട്. ഉദാഹരണത്തിന് കരൾ, പാൻക്രിയാസ് എന്നിവയിലെ രോഗങ്ങൾക്കുള്ള ചികിത്സയ്ക്ക് ഉപയോഗിക്കുന്ന സ്പൈഗ്ലാസ് കൊളാഞ്ജിയോസ്കോപി, അന്നനാളത്തിലെ തകരാർ മാറ്റാനുള്ള പോയം ചികിത്സ, കൃത്രിമ തലയോട്ടി ഘടിപ്പിക്കൽ ശസ്ത്രക്രിയ തുടങ്ങി നിരവധി ശസ്ത്രക്രിയകളാണ് ഈ കാലയളവിൽ ഇവിടെ ചെയ്തത്. ഇതു കൂടാതെ അവയവമാറ്റ ശസ്ത്രക്രിയകളും നടന്നിട്ടുണ്ട്. ഈയടുത്ത ദിവസം മസ്തിഷ്ക മരണം സംഭവിച്ച രണ്ട് യുവാക്കളുടെ ഹൃദയം, വൃക്ക, കരൾ ഉൾപ്പെടെയുള്ള അവയവങ്ങൾ ഇവിടെ നിന്നും വിജയകരമായി വേർപെടുത്തി കേരളത്തിലെ വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്ന രോഗികൾക്കായി നൽകിയിരുന്നു.

ഇന്ത്യയിലെ വിപിഎസ് ഹെൽത്ത്കെയറിന്റെ ഭാവി പദ്ധതികൾ ഒന്ന് വിശദീകരിക്കാമോ?

മിഡിൽഈസ്റ്റിലും നോർത്ത് ആഫ്രിക്കയിലും ആരോഗ്യപരിപാലന രംഗത്ത് വ്യാപക പ്രവൃത്തിപരിചയമുള്ള ഡോ. ഷംഷീർ വയലിൽ നേതൃത്വം നൽകുന്ന വിപിഎസ് ഹെൽത്ത്കെയറിന്റെ ഉടമസ്ഥതയിൽ നിരവധി ആശുപത്രികൾ, മെഡിക്കൽ സെന്ററുകൾ, ക്ലിനിക്കുകൾ, ഔഷധനിർമാണശാലകൾ തുടങ്ങി റീട്ടെയ്ൽ ഹോംകെയർ സേവനങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ വരെയുണ്ട്. പ്രമുഖ ഹെൽത്ത്കെയർ ബ്രാൻഡുകളായ മെഡിയോർ 24*7 ഹോസ്പിറ്റലുകൾ, ബുർജീൽ ഹോസ്പിറ്റലുകൾ, എൽഎൽഎച്ച് ഹോസ്പിറ്റലുകൾ തുടങ്ങിയവയും ഈ ഗ്രൂപ്പിന്റെ ഉടമസ്ഥതയിലാണ്.

ആരോഗ്യപരിപാലന രംഗത്ത് ഇന്ത്യയിലുള്ള വൻ സാധ്യത കണക്കിലെടുത്താണ് ഇന്ത്യയിൽ നിക്ഷേപിക്കാൻ വിപിഎസ് ഹെൽത്ത്കെയർ തീരുമാനിച്ചത്. ഇതിന്റെ ഭാഗമായാണ് കൊച്ചിയിലെ ലേക്ഷോർ ആശുപത്രിയും ഡൽഹിയിലെ റോക്ക്ലാൻഡ് ഹോസ്പിറ്റലുകളും ഏറ്റെടുത്തത്. ഏറ്റെടുക്കുന്ന സ്ഥാപനങ്ങളിൽ ഗുണനിലവാരത്തിൽ പുതിയ മാതൃക സൃഷ്ടിച്ച് സേവനങ്ങളിൽ ഉന്നതനിലവാരം ഉറപ്പുവരുത്തുകയെന്നതാണ് വിപിഎസ് ഹെൽത്ത്കെയർ ലക്ഷ്യമിടുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള സാധ്യതകളും വിപിഎസ് ഹെൽത്ത്കെയർ ആരായുന്നുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം വിപിഎസ് ലേക്ഷോറിനെ വളർച്ചയുടെ പുതിയ തലങ്ങളിലേക്കെത്തിക്കുകയെന്നതാണ് പ്രധാന ലക്ഷ്യം.

vps | Lakeshore
LAKESHORE HOSPITAL
vps | Lakeshore

*Proposed Lakeshore building